സംസ്ഥാന റെയിൽ വികസനം

101 (486) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽ വികസനക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നയം മാറ്റം, സംസ്ഥാന റെയിൽ പദ്ധതികളുടെ കാര്യത്തിൽ ഉണ്ടാക്കാവുന്ന ഗുരുതര പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനകം സർവ്വേ പൂർത്തിയായ പദ്ധതികളുടെ ഭാവിയെ സംബന്ധിച്ച് എന്തെങ്കിലും ധാരണ ഉണ്ടായിട്ടുണ്ടോ;

(സി) സംസ്ഥാനം സാമ്പത്തിക പങ്കാളിത്തം വഹിക്കണമെന്ന കേന്ദ്ര നിർദ്ദേശം സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റെയിൽവേ പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാനം വഹിക്കണമെന്ന കേന്ദ നിർദ്ദേശം കേരളം പോലുള്ള പരിമിത വിഭവശേഷിയുള്ള സംസ്ഥാനങ്ങളുടെ റെയിൽ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് മുമ്പ് വിലയിരുത്തിയിരുന്നു. തുടർന്ന് സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തിയതിൽ സംസ്ഥാനം ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനത്തിനായി സംസ്ഥാന സർക്കാരിന്റെകൂടി സാമ്പത്തിക പങ്കാളിത്തം അനിവാര്യമാണെന്ന് കാണുകയും സംസ്ഥാന സർക്കാർ തിരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് റെയിൽവേയുമായി 49:51 ഓഹരി വിഹിത ഘടന പ്രകാരമുള്ള കൂട്ടുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അത്തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞു. 2016-17-ലെ റെയിൽവേ ബഡ്ജറ്റിൽ ഇതുസംബന്ധിച്ച അനുകൂലമായ പ്രഖ്യാപനങ്ങൾ പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. അങ്കമാലി ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി കാരണം പരിഗണിക്കാൻ കഴിയില്ലായെന്ന് റെയിൽവേയെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അറിയിക്കുകയുണ്ടായി. ഈ കാരണത്താൽ 'കാലടി'ക്കു ശേഷമുള്ള നിർമ്മാണ പ്രവൃത്തികൾ റെയിവേ ആരംഭിക്കുകയോ ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് പദ്ധതി ചെലവിന്റെ 50% വഹിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും വിവരം റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ എറണാകുളം-കുമ്പളം, കുമ്പളം-തുറവൂർ എന്നീ റെയിൽപ്പാത ഇരട്ടിപ്പിക്കൽ പദ്ധതിക്കുള്ള ഭൂമി വിലയില്ലാതെ സൗജന്യമായി റെയിൽവേക്ക് ഏറ്റെടുത്ത് നൽകണമെന്നും കൂടാതെ പ്രസ്തുത പ്രോജക്ടുകളുടെ നിർമ്മാണ ചെലവിന്റെ 50% കൂടി സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയില്ലായെന്ന് റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാത ഇരട്ടിപ്പിക്കൽ നടപടികൾ ഇക്കാരണങ്ങൾ കൊണ്ട് ആരംഭിച്ചിട്ടില്ല.

(സി) ഭൂമി സൗജന്യമായി നൽകുക, നിർമ്മാണ പ്രവൃത്തിയുടെ ചെലവിന്റെ 50% വഹിക്കുക എന്നീ ആവശ്യങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി പരിഗണിച്ച് വഹിക്കാൻ കഴിയില്ലായെന്നും ചെലവ് പൂർണ്ണമായും റെയിൽവേ വഹിക്കണമെന്നും റെയിൽവേയോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തിയതിൽ സംസ്ഥാനം ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കൂടി സാമ്പത്തിക പങ്കാളിത്തം അനിവാര്യമാണെന്ന് കാണുകയും സംസ്ഥാന സർക്കാർ തിരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് റെയിൽവേയുമായി 49:51 ഓഹരി വിഹിത ഘടന പ്രകാരമുള്ള കൂട്ടുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അത്തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞു.

ആളില്ലാ ലെവൽ ക്രോസുകൾ

102 (487) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആളില്ലാ ലെവൽക്രോസുകളാണുള്ളത്;

(ബി) പ്രസ്തുത ലെവൽക്രോസുകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ;

(സി) ലെവൽക്രോസുകളിൽ ജീവനക്കാരില്ലാത്തതുമൂലം അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനുവേണ്ടി കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ?